മിസ്റ്റർ ജോസ് കെ. വള്ളീസ്: അവിടത്തെ കോ-ഓപ്പറേറിവ് സൊസൈറ്റിക്കാർ അപേക്ഷിച്ചിട്ട് എന്തുകൊണ്ടാണ് കൊടുക്കാതിരുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ ജോസ് കെ. വള്ളീസ്: അന്നത്തെ ഫുഡ് മിനിസ്റ്ററുടെ ബ്രദർ അല്ലേ ഈ താരു എന്നു പറഞ്ഞ ആൾ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

## COMPLAINTS AGAINST PAY REVISION—PARTICULARS REGARDING

249. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റ് ദയവു മറുപടി പറയുമോ.—

(എ) ശമ്പളപരിഷ്കരണ പദ്ധതി സംബന്ധിച്ച് ഏതെല്ലാം വിഭാഗങ്ങളിൽപെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നാണ ഗവണ്മെന്റിനു് ആക്ഷേപം കിട്ടിയിട്ടുള്ളതു്;

(ബി) ഈ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനു ഗവണ്മെന്റ് വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ.

(എ) അദ്ധ്യാപകന്മാർ, വില്ലേജുദ്യോഗസ്ഥന്മാർ, ആയുർവ്വേദ വൈദ്യന്മാർ എന്നിവരുടെ യൂണിയൻ സമ്മേളനങ്ങളിൽ ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചു പാസാക്കിയ ആക്ഷേപപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. ഇതിനുപുറമെ പല ഉദ്യോഗസ്ഥന്മാരുടേയും ആക്ഷേപങ്ങളും കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പുതിയ ശമ്പളത്തോതു് അനുസരിച്ചുള്ള ശമ്പളവിതരണം ചെയ്തതിനുശേഷം ഈ ആക്ഷേപങ്ങളെക്കുറിച്ചു വേണ്ട നടപടി എടുക്കുന്നതാണ്.

റാവുബഹദൂർ ടി. കെ. നായർ: ഈ ചോദ്യത്തിനുള്ള ഉത്തരം വായിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇതിന്റെ ഉത്തരം തയ്യാറാക്കിയതിന്റെ ശേഷം അദ്ധ്യാപകന്മാരുടെ ശമ്പളം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ള മറവുള്ളവരുടെ കാര്യത്തെപ്പറ്റി ആലോചിച്ചുവരുന്നുമുണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പുതിയ ശമ്പളത്തോതനുസരിച്ചു് ശമ്പളവിതരണം ചെയ്യുന്നതിനുമുമ്പായിതന്നെ അദ്ധ്യാപകന്മാരുടെ ശമ്പളത്തോതു മാറ്റി എന്നു പറഞ്ഞു. അദ്ധ്യാപകന്മാരെപ്പോലെ മറവുള്ളവരും പ്രവർത്തിക്കാതിരുന്നതുകൊണ്ടാണോ അവരുടെ കാര്യത്തിൽ ഒരു അനുകൂലമായ തീരുമാനം ചെയ്യാതിരുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അവരുടെ കാര്യം എക്സാമിൻചെയ്യുകയാണ്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പേ റിവിഷൻ കമ്മറ്റി റിപ്പോർട്ടനുസരിച്ചുള്ള ശമ്പളം എല്ലാവർക്കും കൊടുത്തതിനുശേഷമേ ഏതെങ്കിലും വിഭാഗത്തിനു് ആക്ഷേപമുണ്ടെങ്കിൽ ആലോചിക്കുകയുള്ളു എന്നു പറഞ്ഞിട്ടും അദ്ധ്യാപകന്മാരുടെ കാര്യത്തിൽമാത്രം ഇങ്ങിനെ ഒരു മാറ്റം ചെയ്യാൻ കാരണമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരു സജഷൻ ഉണ്ടായിരുന്നു എങ്കിലും, അദ്ധ്യാപകന്മാരുടെ കാര്യത്തെപ്പറ്റി പ്രത്യേകം ആലോചിക്കേണ്ട ഒരു പരിതഃസ്ഥിതിവന്നു. അതുകൊണ്ടു് അവരുടെ കാര്യത്തെപ്പറ്റി കൺസിഡർ ചെയ്തു. മറവുള്ളവരുടെ കാര്യം ആലോചിച്ചുവരുന്നുണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതിനുപുറമെ ഇതിനെസംബന്ധിച്ചു വേറേയും ചില ഉദ്യോഗസ്ഥന്മാരുടെ ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നതു് ഏതെല്ലാം വിഭാഗത്തിൽപെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നാണ്?

റാവുബഹദൂർ ടി. കെ. നായർ: ഇതിനെസംബന്ധിച്ചു് ഒരു സ്കൂൾ ഇഷ്യു ചെയ്തിട്ടുണ്ട്. പേറിവിഷൻ കമ്മിറ്റി റിപ്പോർട്ടപ്രകാരം എല്ലാ ഡിപ്പാർട്ടുമെൻറിലും കിട്ടേണ്ട ശമ്പളം കിട്ടിയതിനുശേഷം ഒറ്റയ്ക്കു് ഒറ്റയ്ക്കുള്ള ആക്ഷേപങ്ങളെപ്പറ്റി ആലോചിക്കും എന്നു പറഞ്ഞിട്ടുണ്ട്. അതിനുമുമ്പു് അതിനെപ്പറ്റി ആലോചിയ്ക്കാൻ തുടങ്ങിയാൽ പേ റിവിഷൻ കമ്മിറ്റി റിപ്പോർട്ടപ്രകാരമുള്ള ശമ്പളം കിട്ടാൻ വളരെ കാലതാമസം വരും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഉദ്യോഗസ്ഥന്മാക്കെല്ലാവക്കുംകൂടി യോജിച്ചുകൊണ്ട് കംബ്ലെയിൻറ് കൊടുക്കാൻ പാടില്ലായെന്ന ഓർഡർ ഉണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയാണ് ഇപ്പോഴത്തെ നിയമം. ഒറ്റയ്ക്ക് ഒറ്റയ്ക്ക് അപേക്ഷകൾ കൊടുക്കാൻ വിരോധമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കാൻ പാടില്ലായെന്ന വകുപ്പദ്ധ്യക്ഷന്മാരോടു പറഞ്ഞിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: അദ്ധ്യാപകന്മാർ, വില്ലേജുദ്യോഗസ്ഥന്മാർ, ആയുർവ്വേദവൈദ്യന്മാർ എന്നിവരുടെ യൂണിയനുകളിൽനിന്നും ആക്ഷേപങ്ങൾ അയച്ചിട്ടുള്ളതുപോലെ വേറേയും പല വിഭാഗങ്ങളിൽനിന്നും അച്ചടിച്ച അപേക്ഷകൾ അയച്ചിട്ടില്ലേ?

റാവുബഹദൂർ ടി. കെ, നായർ: ഉണ്ടായിരിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: വില്ലേജുകോർട്ട് ക്ലാക്കന്മാരിൽനിന്നും പഞ്ചായത്തുകോർട്ട് ക്ലാക്കന്മാരിൽനിന്നും ഇങ്ങിനെയുള്ള അപേക്ഷകൾ കിട്ടിയിട്ടില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടായിരിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ കാര്യത്തിൽ എന്താണ് ചെയ്യുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അവരുടെ കാര്യവും കൺസിഡർ ചെയ്യുന്നുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: പ്രൈമറി അദ്ധ്യാപകന്മാർ, ഗവർമ്മെണ്ടിൻെറ നേരെ പ്രവർത്തിച്ചതുപോലെ ഇവർക്കു പ്രവർത്തിയ്ക്കാൻ ശക്തിയും സൌകര്യവും ഇല്ലാത്തതുകൊണ്ടാണോ ഇവരുടെ കാര്യത്തിൽ ഒന്നും ചെയ്യാത്തതു്?

റാവുബഹദൂർ ടി. കെ. നായർ: ഒരേ ഗ്രേഡിൽത്തന്നെയുള്ള ഉദ്യോഗസ്ഥന്മാർ പല ഡിപ്പാർട്ടുമെൻറുകളിലും ഉണ്ടാകും. അപ്പോൾ പല കാരണങ്ങളാലും ഒരു കൂട്ടരുടെ കാര്യം കൺസിഡർചെയ്തപ്പോൾ അതേ ഗ്രേഡിലുള്ള മറെറ പല ഡിപ്പാർട്ടുമെൻറുകളിലും ഉള്ളവരുടെ കാര്യം കൺസിഡർ ചെയ്തിട്ടുണ്ടാകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ കാര്യം കൺസിഡർ ചെയ്യാത്തതു ഗവർമ്മെൻറിൻെറമേൽ പ്രഷർ കൊണ്ടുവരാത്തതുകൊണ്ടാണോ?

റാവു ബഹദൂർ ടി. കെ. നായർ: ഗവമ്മെണ്ടിൻെറ മേലുള്ള പ്രഷർകൊണ്ടു് ആരും യാതൊരു കാര്യവും സാധിച്ചിട്ടില്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഭാവെ ഡിപ്പാർട്ടുമെണ്ടിൽനിന്നു വല്ല കംബ്ലെയിൻറും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതിനെക്കുറിച്ചു് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അവർ വളരെയധികം കഷ്ടത അനുഭവിക്കുന്ന ആളുകളാണെന്നു ഗവമ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു് ഒന്നു അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ സി. എസ്സ്. പണിക്കർ: പല ഡിപ്പാർട്ടുമെണ്ടിലേക്കും പരിഷ്കരിച്ച ശമ്പളം ഇതുവരേയും വിതരണം ചെയ്യാതിരിക്കുവാനുള്ള കാരണമെന്താണു്?

റാവു ബഹദൂർ ടി. കെ. നായർ: അതിനു താമസം നേരിട്ടതു പണിയെടുത്തു് അവസാനിക്കാത്തതുകൊണ്ടാണു്. കുറെ അധികം ക്ലാക്കുമാരെ വച്ചതുകൊണ്ടു് ഈജോലി വേഗത്തിൽ അവസാനിക്കുകയില്ല. ഇതിനു് എക്സ്ട്രാപട്ടായിട്ടുള്ള ആളുകളെ വച്ചു വളരെ വേഗം ഈ ജോലി തീർക്കാൻ ശ്രമിക്കുന്നുണ്ടു്. ഇതു വേഗത്തിൽ അവസാനിക്കാത്തതുകൊണ്ടു് ഓരോ ആഴ്ചയിലും അവരെ താക്കീതു ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പേ റിവിഷനിൽ ഉൾപ്പെടുത്താത്ത ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ: നൂറ് രൂപയ്ക്ക് മേലുള്ളവർ ഇതിൽ ഉൾപ്പെട്ടിട്ടില്ല. അതിൽ താഴെയുള്ളവരുടെ കായ്മാണം റിവിഷനിൽ പെടുത്തിയിരിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നൂറിൽ താഴെയുള്ളവരിൽ തന്നെ പേരിവിഷനിൽ പെടാത്തവരുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ. ഇല്ലെന്നാണു തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഉണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ അവരുടെ കായ്ം ഗവമ്മെണ്ടു് ആലോചിക്കാമോ?

റാവു ബഹദൂർ ടി. കെ. നായർ: ആരാണെന്നു പറഞ്ഞാൽ അതിനു സമാധാനം പറയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ലാൻറ് മോട്ട്ഗേജ് ബാങ്ക് സിക്രട്ടറിയെ ഇതിൽ പെടുത്തിയിട്ടില്ല.

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ അനവധി ആളുകൾ ഉണ്ടാകും.

## LOSS OF KUTTADAN CULTIVATION—PARTICULARS OF

**250.** മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സഭയിൽ മറുപടി പറയുമോ.—

(എ) കുട്ടനാട്ടിൽ കുട്ടാടൻകൃഷി മിക്കവാറും നശിച്ചുപോയതായി ഗവമ്മെണ്ടിനറിയാമോ;

(ബി) എത്രത്തോളമാണു് നഷ്ടം നേരിട്ടിരിക്കുന്നതെന്നു് ഗവമ്മെണ്ടു് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) നഷ്ടപരിഹാരത്തിനായി കൃഷിക്കാർ ഗവമ്മെണ്ടിന്റെ സഹായം തേടുകയുണ്ടായിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഗവമ്മെണ്ടു് എന്തു തീരുമാനമാണു് ചെയ്തിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉദ്ദിഷ്ടപ്രദേശത്തു് താലൂക്കിൽ കുറെ സ്ഥലത്തു നശിച്ചുപോയതായി അറിവുണ്ടു്.

(ബി) ഉവ്വു്. ഏകദേശം ഏക്കറു് ൨൫ ½ സെൻറ് സ്ഥലത്തെ കൃഷിക്കു് നഷ്ടം നേരിട്ടിട്ടുണ്ടു്.

(സി) ഉവ്വു്.

(ഡി) ടി സ്ഥലത്തെ നികുതി ൧൯൪൫ൽ കരം ഏർപ്പെടുത്തുമ്പോൾ ഇളവുചെയ്തുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എന്നാണു നികുതി ഇളവുചെയ്തു കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൧൯൪൫—൪൬-ൽ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വിളവു നശിച്ചു വളരെക്കാലം കഴിഞ്ഞിട്ടല്ലേ ഇങ്ങിനെ ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി അന്വേഷിക്കുകയാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിനു് ഇത്ര അമാന്തം വരുത്തിയതുകൊണ്ടു പല കൃഷിക്കാരും പാട്ടം കൊടുത്തു കഴിഞ്ഞിട്ടുണ്ടാകയില്ലേ? അവർ പാട്ടം കൊടുത്തുകഴിഞ്ഞതുകൊണ്ടു് ഗവമ്മെണ്ടു് ഇളവു ചെയ്തതു അവക്കു ഇളവുചെയ്തു കിട്ടാൻ ബുദ്ധിമുട്ടല്ലേ?

മിസ്റ്റർ പറമ്പിലോനപ്പൻ: നികുതിയാണു് ഇളവുചെയ്തുകൊടുത്തതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: കൂടുതൽ പാട്ടം കൊടുത്തിട്ടുണ്ടെങ്കിൽ അതു മടക്കിമേടിയ്ക്കാൻ വല്ല വഴിയുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിയമമുണ്ടെങ്കിൽ മടക്കി വാങ്ങിക്കാം.

മിസ്റ്റർ കെ. ടി. അച്യുതൻ: അതിനു വല്ല നിയമവുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

LIBRARY ARCHIVES Kerala Legislative Assembly